കില
വാർത്താപത്രിക

VOLUME-12
ISSUE-10
OCTOBER 2019

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന ആഘാതങ്ങൾ ലഘൂകരിക്കുന്നതിനു ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ കർമ്മപദ്ധതികൾക്കു അന്തിമ രൂപം നൽകാൻ കിലയിൽ സംഘടിപ്പിച്ച രണ്ടുദിവസത്തെ ദേശീയ ശില്പശാലയിൽ ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫ.എൻ.എച്ച്. രവീന്ദ്രനാഥ് മുഖ്യപ്രഭാഷണം നടത്തുന്നു

കിലയിൽ ദ്വിദിന ദേശീയ ശില്പശാല കാലാവസ്ഥാവ്യതിയാനം നേരിടാൻ ഗ്രാമപഞ്ചായത്തുകൾക്കു കർമ്മപദ്ധതി

കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന ആഘാതങ്ങൾ ലഘൂകരിക്കുന്നതിനു ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ കർമ്മപദ്ധതികൾക്കു അന്തിമ രൂപം നൽകാൻ കിലയിൽ രണ്ടുദിവസത്തെ ദേശീയ ശില്പശാല സംഘടിപ്പിച്ചു. ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫ.എൻ.എച്ച്. രവീന്ദ്രനാഥിന്റെ മുഖ്യപ്രഭാഷണത്തോടെയായിരുന്നു ശില്പശാലയുടെ തുടക്കം. കാലാവസ്ഥാവ്യതിയാനം മൂലം രാജ്യത്ത് മഴയും ചൂടും കൂടുമെന്ന് അദ്ദേഹം പറഞ്ഞു. ഇതുമൂലമുണ്ടാകുന്ന ദുരിതങ്ങളേറേയും ബാധിക്കുന്നതു സാധാരണ ജനങ്ങളെയാണ്. രാഷ്ട്രങ്ങളുടെ കാര്യത്തിലും ഇതുതന്നെയാണ് സ്ഥിതി. അമേരിക്ക പോലെയുള്ള വൻകിട രാഷ്ട്രങ്ങൾക്കു പിടിച്ചു നിൽക്കാനുകുമെങ്കിലും ഇന്ത്യയെപോലുള്ള രാജ്യങ്ങൾക്കു ഏറേ ക്ലേശിക്കേണ്ടിവരുമെന്നും അദ്ദേഹം വ്യക്തമാക്കി.

പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, ജൈവവൈവിധ്യം എന്നീ വിഷയങ്ങളിൽ പഞ്ചായത്തു തലത്തിൽ വിദഗ്ദ്ധ ടീമിനെ തയ്യാറാക്കി മൂന്നു ഘട്ടങ്ങളിലൂടെയുള്ള പഠന പരമ്പരയിലൂടെ വാർത്തെടുത്ത ആഘാത ലഘൂകരണ പദ്ധതികൾക്കു കിലയാണ് നേതൃത്വം നൽകുന്നത്. സംസ്ഥാനത്തെ പന്ത്രണ്ട് ഗ്രാമപഞ്ചായത്തുകളാണ് കാലാവസ്ഥാവ്യതിയാനത്തെ നേരിടാൻ പ്രാദേശിക തലത്തിൽ കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതികൾ തയ്യാറാക്കുന്നതിനുപയോഗിച്ച രീതിശാസ്ത്രം മെച്ചപ്പെടുത്തുകയും അതു പൂർണ്ണമാക്കുകയുമാണ് ശില്പശാലയുടെ ലക്ഷ്യം. പഞ്ചായത്തു തലത്തിൽ കർമ്മപദ്ധതി തയ്യാറാക്കുന്ന ആദ്യത്തെ സംസ്ഥാനമാണ് കേരളം.

കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ആമുഖാവതരണം നടത്തി. ഡോ. നിർമ്മല സാനുജോർജ്, ഡോ. ശ്രീകുമാർ ചതോപദ്ധ്യായ, ഡോ. സുരേഷ് ഫ്രാൻസിസ്, യു.എൻ. ഡി.പി. പ്രോജക്ട് ഓഫീസർ ജെറിൻ തോമസ് എബ്രഹാം, കുസാററിലെ ഡോ. അഭിലാഷ്. ഡോ. വിജയകുമാർ, കില അസോസിയേററ് പ്രൊഫ. ഡോ. ജെ.ബി.രാജൻ, ഡോ. ആർ.വി. വർമ്മ, ജലസേചനവകുപ്പ് ജോയിന്റ് ഡയറക്ടർ ഡോ.സുധീർ പടിക്കൽ, ലോക ബാങ്ക് കൺട്രി കോർഡിനേറ്റർ അജിത് രാധാകൃഷ്ണൻ, സംസ്ഥാന പ്ലാനിംഗ് ബോർഡിലെ കൃഷിവിഭാഗം മേധാവി എസ്.എസ്. നാഗേഷ് തുടങ്ങിയ പ്രഗൽഭരാണ് ശിൽപശാലയ്ക്കു നേതൃത്വം നൽകിയത്. കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധർക്കു പുറമെ കർമ്മപദ്ധതി തയ്യാറാക്കിയ ഓരോ പഞ്ചായത്തിലേയും മൂന്നുപേർ വീതം ശില്പശാലയിൽ പങ്കെടുത്തു.

മുട്ടം, പെരുമ്പളം, കരിമ്പ, അരൂകുറ്റി, മുപ്പെയ്നാട്, മാവൂർ, കുത്തന്നൂർ, വെള്ളിനേഴി, നെടുമ്പന, നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ അവരവരുടെ പഞ്ചായത്തുകളിൽ തയ്യാറാക്കിയ കർമ്മപദ്ധതികൾ അവതരിപ്പിച്ചു. കില വെബ്സൈറ്റിലും യൂട്യൂബ് ചാനലിലും ഫേസ് ബുക്ക് പേജിലും ശില്പശാലയുടെ തത്സമയ സംപ്രേക്ഷണമുണ്ടായിരുന്നു.

ജില്ല ആസൂത്രണസമിതി യോഗങ്ങളിൽ ഗ്രാമ–ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധി

ജില്ലാ ആസൂത്രണസമിതി യോഗങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ജില്ലയിലെ ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ജില്ലയിലെ രണ്ടു ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും പ്രത്യേകം ക്ഷണിതാക്കളായിരിക്കും. അവരെ ഡി.പി.സി യോഗങ്ങളിലേക്കു ക്ഷണിക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഡി.എ.1/311/2019.തസ്വഭവ. 23.10.19 നമ്പറായി ഇതുസംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്.

ജനകീയപങ്കാളിത്തവും പുനർനിർമ്മാണവും: നോഡൽ ഓഫീസർ

നവകേരള നിർമ്മാണം ലക്ഷ്യം വയ്ക്കുന്നതും കുടുംബശ്രീയും കിലയും പ്രധാന പങ്കുവഹിക്കുന്നതുമായ ജനകീയ പങ്കാളിത്തവും പുനർനിർണയവും എന്ന പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾ സർക്കാർതലത്തിൽ ഏകോപിപ്പിക്കുന്നതിനു തദ്ദേശസ്വയംഭരണവകുപ്പ് (ഐ.എ/ഐ.ബി) വകുപ്പുകളുടെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറിയെ നോഡൽ ഓഫാസറായി നിയോഗിച്ച് ഉത്തരവായി.

പങ്കാളിത്തപെൻഷൻ: പുന:പരിശോധനസമിതിയുടെ കാലാവധി നീട്ടി

സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി എസ്. സതീഷ് ചന്ദ്രബാബു (റിട്ട.ജില്ലാ ജഡ്ജി) ചെയർമാനും പി.മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട), പ്രൊഫ.ഡി. നാരായണൻ (ഡയറക്ടർ ജി.ഐ.എഫ്.ടി) എന്നിവർ അംഗങ്ങളുമായി സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ പുന: പരിശോധനാസമിതിയുടെ കാലാവധി ആറുമാസത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവായി.(സ.ഉ.(പി)147/2019 ധന.1.11.2019)

എഞ്ചിനി. കോളേജുകളെ ചുമതലപ്പെടുത്തി

നാഷ്ണൽ റർബൻ മിഷൻ ക്ലസ്റ്ററുകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനു യോഗ്യരായ എഞ്ചിനിയറിംഗ് കോളേജുകളെ ചുമതലപ്പെടുത്തി ഉത്തരവായി. കേന്ദ്രസർക്കാരിന്റെ ശ്യാമപ്രസാദ് മുഖർജി നാഷ്ണൽ റർബൻ മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളെ ഒരു വികസന ക്ലസ്റ്ററായി വിജ്ഞാപനം ചെയ്തു. ടി. ക്ലസ്റ്ററിന്റെ സാമ്പത്തിക ഉന്നമനത്തിനും നൈപുണ്യ വികസനത്തിനും സംരംഭകത്വ വികസനത്തിനും പശ്ചാത്തല വികസനത്തിനും ഊന്നൽ നൽകുന്ന പ്രോജക്ടുകൾക്കു മുൻതൂക്കം നൽകി സ്മാർട്ട് വില്ലേജ് ആക്കുകയാണ് ലക്ഷ്യമിടുന്നത്. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ പഞ്ചായത്തുകളുടെ ചുമതല തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജിനും എറണാകുളും പാലക്കാട് ജില്ലകളുടേത് കെ.എം.ഇ.എ കോളേജ് ഓഫ് എഞ്ചിനിയറിംഗ് എറണാകുളത്തിനും, തൃശ്ശൂർ, കണ്ണൂർ ജില്ലകളുടേത് തൃശ്ശൂർ ഗവ.എഞ്ചിനിയറിംഗ് കോളേജിനും, മലപ്പുറം, കണ്ണൂർ ജില്ലകളിലെ ചില പഞ്ചായത്തുകളുടേത് ചീഫ് ടൗൺ പ്ലാനർക്കുമാണ് ചുമതല നൽകിയിട്ടുള്ളത്. സ.ഉ.(കൈ)142/2019 തസ്വഭവ. 7/11/19 നമ്പറായി ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കുടുംബശ്രീക്ക് നൗ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ അവാർഡ്

നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ദാരിദ്ര്യനിർമാർജന തൊഴിൽ നൈപുണ്യ പരിശീലനപദ്ധതികളിൽ ശ്രദ്ധേയമായ മുന്നേററം കൈവരിച്ചതിനു കുടുംബശ്രീക്കു 2019 ലെ ഗവേണൻസ് നൗ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ അവാർഡ് ലഭിച്ചു. ദാരിദ്ര്യനിർമാർജന വിഭാഗത്തിൽ കുടുംബശ്രീ സൂക്ഷ്മസംരഭങ്ങൾ, അഗതി രഹിത കേരളം എന്നീ പദ്ധതികൾക്കും നൈപുണ്യവികസനത്തിനു ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജനയ്ക്കുമാണ് അവാർഡ്. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗവേണൻസ് നൗ എന്ന സ്ഥാപനമാണ് അവാർഡ് നൽകിയത്. പ്രശസ്തി പത്രവും ശില്പവുമാണ് അവാർഡ്.

നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ വീണ്ടെടുക്കാൻ ക്യാമ്പും അദാലത്തും

കഴിഞ്ഞ പ്രളയകാലത്ത് ദുരിതത്തിൽ അകപ്പെട്ട് പൊതുജനങ്ങൾക്കു നഷ്ടപ്പെട്ടുപോയ സർട്ടിഫിക്കററുകൾ വീണ്ടെടുക്കുന്നതിനുള്ള അദാലത്തുകളും ക്യാമ്പുകളും നടത്തുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ടുമെന്റ് മുഖാന്തിരം നടത്തുന്ന ഈ ക്യാമ്പിനും അദാലത്തിനും വേണ്ടിയുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചു. സ.ഉ.(സാധ) 203/2019/ഐ.ടി.ഡി 14.10.2019 നമ്പറായാണ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്.

ഹരിത ഓഡിറ്റ്

സർക്കാർ ഓഫീസുകളെ മാലിന്യമുക്തമാക്കുന്നതിനായി ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഓരോ സർക്കാർ ഓഫീസുകളിലും നാളിതുവരെ നടത്തിയിട്ടുള്ള ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങളും നിലവിലുള്ള അവസ്ഥയും വിലയിരുത്തുന്നതിനും വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകൾക്കു സർട്ടിഫിക്കേഷൻ നൽകുന്നതിനും ഹരിത കേരളം മിഷൻ ഉദ്ദേശിക്കുന്നു. ഹരിതകേരളം മിഷനും ശുചിത്വമിഷനും സംയുക്തമായാണ് പരശോധന നടത്തുന്നത്. 2019 നവമ്പർ മാസത്തിൽ പരിശോധന നടത്താനാണ് ഉദ്ദേശിക്കുന്നത്.

കെട്ടിടനിർമ്മാണ ചട്ടങ്ങൾ പുതുക്കി

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളും കേരള മുനിസിപ്പൽ കെട്ടിടനിർമ്മാണ ചട്ടങ്ങളും പുതുക്കി ഉത്തരവായി. നിലവിലുള്ള ചട്ടങ്ങളിൽ ചില മാറ്റങ്ങൾ വരുത്തിയാണ് പുതിയ ചട്ടം തയ്യാറാക്കിയിട്ടുള്ളത്. സ.ഉ.(പി)78/2019 തസ്വഭവ. 2.11.2019 നമ്പറായി പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളും സ.ഉ.(പി)77/2019 തസ്വഭവ. 2.11.2019 നമ്പറായി കേരള മുനിസിപ്പൽ കെട്ടിടനിർമ്മാണ ചട്ടവുമാണ് പുതുക്കിയിട്ടുള്ളത്.

കിലയും മഹാത്മാഗാന്ധി സർവകലാശാലയും ഒപ്പിട്ട ധാരണാപത്രം കൈമാറുന്നു

കിലയും എം.ജി സർവകലാശാലയും ധാരണാപത്രത്തിൽ ഒപ്പിട്ടു

പ്രാദേശികഭരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പി.ജി. ഡിപ്ലോമ, ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രത്തിൽ കിലയും മഹാത്മാഗാന്ധി സർവകലാശാലയും ഒപ്പുവച്ചു. കോട്ടയത്ത് വൈസ് ചാൻസലറുടെ ചേംബറിൽ വൈസ് ചാൻസലർ ഡോ.സാബു തോമസും കില ഡയറക്ടർ ഡോ.ജോയ് ഇളമണുമാണ് ഒപ്പിട്ടത്. പ്രൊവൈസ് ചാൻസലർ ഡോ. അരവിന്ദ കുമാർ, രജിസ്ട്രാർ ഡോ.സാബുകുട്ടൻ, ഗാന്ധി സ്റ്റഡി തോട്ട് സെൻർ ഡയറക്ടർ ഡോ. ഇല്യാസ്, ഫാക്കൽറ്റി മെമ്പർ ഡോ.ബിജു ലക്ഷ്മണൻ എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു. ധാരണപ്രകാരം ഗവേഷകരേയും റിസോഴ്സ് പേഴ്സൺമാരേയും പരസ്പരം കൈമാറും.

ഫാക്കൽറ്റി, റഫറൻസിനു ലൈബ്രറികളിൽ സൗകര്യമൊരുക്കൽ, വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ്, കോൺഫ്രൻസ്, സെമിനാർ, ശില്പശാലകൾ, ഗവേഷണം, പ്രസിദ്ധീകരണം, പഠനസന്ദർശനം തുടങ്ങിയ മേഖലകളിൽ സംയുക്തമായി പ്രവർത്തിക്കും. പ്രാദേശികഭരണസംവിധാനം മെച്ചപ്പെടുത്തുന്നതിനു പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താനും ശ്രമമുണ്ടാകും.

പുന്നയൂർകുളം ഗ്രാമപഞ്ചായത്തിന്റെ കലക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതിയുടെ പഞ്ചായത്ത് തല ഉദ്ഘാടനം ചെറായി യു.പി. സ്കൂളിൽ കില ഡയറക്ടർ ഡോ. ജോയ് ഇളമൺ നിർവഹിക്കുന്നു

പുന്നയൂർകുളം ഗ്രാമപഞ്ചായത്തിന്റെ കളക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതി ഉദ്ഘാടനം ചെയ്തു

കുട്ടികളിൽ ശുചിത്വശീലം വളർത്തലും പ്ലാസ്റ്റിക്ക് നിർമ്മാർജനവും ലക്ഷ്യമിടുന്ന പുന്നയൂർകുളം ഗ്രാമപഞ്ചായത്തിന്റെ കലക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതിയുടെ പഞ്ചായത്ത് തല ഉദ്ഘാടനം ചെറായി യു.പി. സ്കൂളിൽ കില ഡയറക്ടർ ഡോ. ജോയ് ഇളമൺ നിർവഹിച്ചു. ശുചിത്വ സുന്ദരം എന്റെ ഗ്രാമം ക്ലീൻ പുന്നയൂർകുളം-പദ്ധതിയുടെ ഭാഗമാണിത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.ഡി. ധനീപ് അദ്ധ്യക്ഷനായിരുന്നു. ഗ്രാമപഞ്ചായത്തംഗങ്ങളായ കെ.എസ്. ഭാസ്കരൻ, വി.നൗഷാദ്, പ്രധാന അധ്യാപിക സി.മിനി, ഡോ. എൻ.ബി. അരുൺ ബാബു പി.ടി.എ പ്രസിഡന്റ് എം.റാണാപ്രതാപ്, ടി.ബി.ജയപ്രകാശ്, പ്രവീൺ, പ്രസാദ് എന്നിവർ പ്രസംഗിച്ചു. ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, വിദ്യാഭ്യാസവകുപ്പ് എന്നിവയുടെ സഹകരണത്തോടെ തശ്ശൂർ ജില്ലയിൽ ആദ്യമായി പുന്നയൂർകുളം ഗ്രാമപഞ്ചായത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലേക്കും ബിന്നുകൾ നൽകും. പ്ലാസ്റ്റിക് കവർ, കുപ്പികൾ, പേനകൾ എന്നിവയ്ക്കു പ്രത്യേകം തിരിച്ച മൂന്നു ബിന്നുകൾ ഘടിപ്പിച്ചതാണ് ഒരു യൂണിറ്റ്. വീട്ടിൽനിന്നുള്ള പ്ലാസ്റ്റിക്ക് അവശിഷ്ടങ്ങൾ വൃത്തിയാക്കി തരംതിരിച്ച് കുട്ടികൾ അതതു ബിന്നുകളിൽ നിക്ഷേപിക്കുന്നു. ഹരിതകർമ്മസേന, പാഴ്വസ്തു വ്യാപാരികൾ എന്നിവരുടെ സഹകരണത്തോടെ മാസത്തിൽ രണ്ടുതവണ ഇവ ശേഖരിച്ച് പഞ്ചായത്ത് കൊണ്ടുപോകും. തൃശ്ശൂർ കോസ്റ്റ് ഫോർഡാണ് പഞ്ചായത്തിനായി ബിന്നുകൾ നിർമ്മിച്ചു നൽകിയത്.

കേരളത്തിന്റെ വികസനമാതൃക പഠിക്കാനെത്തിയ ബംഗ്ലാദേശ് സംഘത്തിനു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി

കേരള മാതൃക പഠിക്കാൻ ബംഗ്ലാദേശ് സംഘമെത്തി

അധികാരവികേന്ദ്രീകരണത്തിന്റെ കേരള മാതൃക പഠിക്കാൻ ബംഗ്ലാദേശിലെ പ്രാദേശികഭരണവുമായി ബന്ധപ്പെട്ട ഉന്നതതല ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമടങ്ങുന്ന പതിനഞ്ചംഗസംഘം കിലയിലെത്തി. സന്ദർശകർക്കായി കിലയിൽ നാലുദിവസത്തെ പരിശീലനപരിപാടി സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ സന്ദർശകസംഘത്തെ സ്വാഗതം ചെയ്തു സംസാരിച്ചു.

കേരളത്തിൽ അധികാരവികേന്ദ്രീകരണം നടപ്പിലാക്കുന്നതിനു സഹായിച്ച സ്വിറ്റ്സർലന്റിലെ സ്വിസ് ഏജൻസീസ് ഫോർ ഡെവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷന്റെ നിർദ്ദേശപ്രകാരമാണ് സംഘമെത്തിയത്. കേരളത്തിലെ ഏറ്റവും പുതിയ വികസനമാതൃകൾ നേരിൽ കണ്ട് മനസ്സിലാക്കുകയാണ് സംഘത്തിന്റെ ലക്ഷ്യം. ബംഗ്ലാദേശ് നാഷ്ണൽ അക്കാദമി ഫോർ പ്ലാനിംഗ് ആന്റ് ഡെവലപ്മെന്റിന്റെ അഡീഷ്ണൽ ഡയറക്ടർ നാഷിഹുൽ കമാൽ, എസ്.ഡി.സിയുടെ നാഷ്ണൽ കോർഡിനേറ്റർ തീർത്ഥ സാരഥി സിക്ദർ എന്നവർക്കായിരുന്നു സംഘത്തിന്റെ നേതൃത്വം.

കാലാവസ്ഥാവ്യതിയാനവും പ്രാദേശികസർക്കാരുകളും, പങ്കാളിത്ത ആസൂത്രണം, ധനവികേന്ദ്രീകരണവും പ്രാദേശികസർക്കാരുകളുടെ വിഭവസ്രോതസ്സുകളും, ഓഡിററ് സംവിധാനം, ജെന്റർ ഡെവലപ്മെന്റ് തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. കില പ്രൊഫ. ഡോ. സണ്ണി ജോർജ്, ഡോ. ജെ.ബി.രാജൻ, ഡോ. പീറ്റർ എം.രാജ്, ഡോ.സാങ്കി, ഡോ. ദിലീപ്കുമാർ, പ്രൊഫ. ടി.രാഘവൻ, പി.വി.രാമകൃഷ്ണൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. കുടുംബശ്രീയുടെ ദാരിദ്ര്യലഘൂകരണത്തെക്കുറിച്ച് ജില്ല മിഷൻ കോർഡിനേറ്റർ സംസാരിച്ചു.

എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്, കൊടകര ബ്ലോക്ക പഞ്ചായത്ത്, എറണാകുളം ജില്ലാപഞ്ചായത്ത്, തൃപ്പൂണിത്തുറ നഗരസഭ എന്നിവിടങ്ങൾ സന്ദർശിച്ച സംഘം അവിടങ്ങളിലെ വിവിധ വികസനപ്രവർത്തനങ്ങളെക്കുറിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി.

മാലിന്യസംസ്കരണത്തിനു കില കാമ്പസിൽ സജ്ജീകരിച്ച ബയോപാർക്ക്

കിലയിലെ മാലിന്യസംസ്കരണ യൂണിറ്റ് പ്രവർത്തനം തുടങ്ങി

കില കാമ്പസിൽ ക്വാർട്ടേഴ്സിനു സമീപം സജ്ജീകരിച്ചിട്ടുള്ള തുമ്പൂർമുഴി മോഡൽ മാലിന്യസംസ്കരണ യൂണിറ്റ് പ്രവർത്തനം തുടങ്ങി. എയറോബിക്ക് രീതിയിൽ പ്രവർത്തിക്കുന്ന രണ്ടു ബിന്നുകളാണ് സ്ഥാപിച്ചിട്ടുള്ളത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒഴികെയുള്ള എല്ലാവിധ മാലിന്യങ്ങളും ഇവിടെ സംസ്കരിക്കാനാകും.

പച്ചക്കറി, പഴവർഗം, മത്സ്യ-മാംസമാലിന്യങ്ങൾ എന്നിവ ജലാംശം പരമാവധി ഒഴിവാക്കി ഈ യൂണിറ്റിൽ നിക്ഷേപിക്കാവുന്നതാണ്. സംസ്കരിക്കുന്ന മാലിന്യങ്ങൾ ഏതാനും മാസം കഴിയുമ്പോൾ പുറത്തെടുത്ത് ജൈവവളമായി അടുക്കള തോട്ടത്തിലും കൃഷിയിടങ്ങളിലും ഉപയോഗിക്കാം.

ദുരന്തനിവാരണശേഷിയോടു കൂടിയ ആസൂത്രണപ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പരിശീലന മൊഡ്യൂളും കില ഡയറ്കടർ ഡോ. ജോയ് ഇളമണിനു കൈമാറിപ്പോൾ

ദുരന്തനിവാരണശേഷി: തദ്ദേശസ്ഥാപനങ്ങളെ പ്രാപ്തരാക്കാൻ ശില്പശാല

ദുരന്തനിവാരണശേഷിയോടു കൂടിയ ആസൂത്രണപ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള ശില്പശാല കിലയിൽ സംഘടിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട പരിശീലനപരിപാടികൾക്കുള്ള മൊഡ്യൂളും മാർഗ്ഗരേഖയും ശില്പശാല അംഗീകരിച്ചു.

തൃശ്ശൂർ ജില്ലയിലെ തെക്കുംകര, എറിയാട് ഗ്രാമപഞ്ചായത്തുകളെ കേന്ദ്രീകരിച്ച് റഡാർ ഇന്ത്യയുടേയും കിലയുടേയും നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് മാർഗ്ഗരേഖ തയ്യാറാക്കിയത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, ജനപ്രതിനിധികൾ, കൃഷി ഓഫീസർമാർ, മൃഗഡോക്ടർമാർ, ഫിഷറീസ് ഉദ്യോഗസ്ഥർ, വിദ്യാഭ്യാസ ഓഫീസർമാർ, കില ഫാക്കൽററി അംഗങ്ങൾ തുടങ്ങിയവർ ശില്പശാലയിൽ പങ്കെടുത്തു. റഡാർ പ്രതിനിധികളായ ഡോ.ജോസ് സി.റാഫേൽ, മന്ദർ വൈദ്യ, അംഗോം ദില്ലി റോസ്, മൊബീർ ഷാ, കില കോർഡിനേറ്റർ എം. രേണുകുമാർ എന്നിവരാണ് കരട് നിർദ്ദേശങ്ങൾ അവതരിപ്പിച്ചത്. തുടർന്നു നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപം നൽകിയ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലന മൊഡ്യൂളും കില ഡയറ്കടർ ഡോ. ജോയ് ഇളമണിനു കൈമാറി.

കിലയിലെത്തിയ പശ്ചിമ ബംഗാളിലെ ജനപ്രതിനിധികൾ തൃശ്ശൂർ ജില്ലാപഞ്ചായത്ത് സന്ദർശിച്ചപ്പോൾ

പശ്ചിമബംഗാളിലെ ജനപ്രതിനിധികൾ കിലയിൽ

കേരളത്തിലെ ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്ത് ഭരണസംവിധാനത്തെക്കുറിച്ച് നേരിൽ കണ്ടു പഠിക്കുന്നതിനു പശ്ചിമബംഗാളിൽനിന്നുള്ള ജില്ലാപഞ്ചായത്ത് സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർമാൻമാരും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും വൈസ് പ്രസിഡന്റുമാരും അഞ്ചുദിവസത്തെ സന്ദർശനത്തിനായി കിലയിലെത്തി. മൂന്നു ജില്ലാപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരും പന്ത്രണ്ട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്-വൈസ് പ്രസിഡന്റുമാരുമടങ്ങുന്ന സംഘത്തിൽ സംസ്ഥാന ഗ്രാമവികസനവകുപ്പ് ഇൻസ്റ്റിറ്റ്യൂട്ടിലെ നാല് ഉദ്യോഗസ്ഥരുമുണ്ടായിരുന്നു. കിലയിൽ ഇവർക്കു സംഘടിപ്പിച്ച പരിശീലനപരിപാടി കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. അസോസിയേറ്റ് പ്രൊഫ. ഡോ. പീറ്റർ എം. രാജ്, കില റിസോഴ്സ് പേഴ്സൺമാരായ പ്രൊഫ. ടി. രാഘവൻ, പി. വി.രാമകൃഷ്ണൻ, എം.ജി. കാളിദാസൻ, മായ ശശിധരൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. ബാല-വനിത-വയോജന-ഭിന്നശേഷി സൗഹൃദ തദ്ദേശഭരണസംവിധാനത്തെക്കുറിച്ചും വിദഗ്ദ്ധർ ക്ലാസ്സെടുത്തു. അരിമ്പൂർ ഗ്രാമപഞ്ചായത്ത്, ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ ജില്ലാപഞ്ചായത്ത്, ഗുരുവായൂർ നഗരസഭ എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയ സംഘം അവിടങ്ങളിലെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ജനപ്രിതിനിധികളും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി.

ചോദ്യങ്ങൾക്കു മറുപടി

? സാമൂഹ്യസുരക്ഷാപെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരാൾ മരണപ്പെട്ടാൽ കുടിശ്ശിക തുക അനന്തരാവകാശികൾക്കു നൽകാമോ?

● പാടില്ല. സാമൂഹ്യസുരക്ഷാപെൻഷൻ ഗുണഭോക്താക്കളുടെ ഉപജീവനാർത്ഥം നൽകുന്നതാണ്. അനന്തരാവകാശികൾക്കു തുക നൽകാൻ വ്യവസ്ഥയില്ല. ആയതിലനാൽ കുടിശ്ശിക തുക അനന്തരാവകാശികൾക്കു നൽകാൻ മാർഗ്ഗനിർദ്ദേശം അനുവദിക്കുന്നില്ല. (ധനകാര്യവകുപ്പു സെക്രട്ടറിയുടെ1.2.2019 ലെ എസ്.എഫ്.സി ബി.3/9/2019/ ധനം കത്ത്) 2.5.18 ലെ തദ്ദേശസ്വയംഭരണവകുപ്പു സെക്രട്ടറിയുടെ 654/ഡി.സി.3/2017 നമ്പർ കത്ത്)

? കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്കു പുതിയ ഒരു വർക്കിംഗ് ഗ്രൂപ്പ് നിലവിൽ വന്നിട്ടുണ്ടോ? ഈ വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകൾ വ്യക്തമാക്കിയ മാർഗ്ഗരേഖയുണ്ടോ?

● ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതിസംരക്ഷണം, ദുരന്തനിവാരണം എന്നീ മേഖലകൾ ഉൾപ്പെടുത്തിയാണ് പുതിയ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത്. ഇതിൽ പറയുന്ന വിഷയങ്ങൾ കേന്ദ്രീകരിച്ചായിരിക്കണം പുതിയ പദ്ധതി രൂപീകരണ പ്രക്രിയ നടത്തേണ്ടതു എന്നാണ് വിവക്ഷ. നിലവിലുള്ള മാർഗ്ഗരേഖയിൽ ഈ വിഷയങ്ങൾ കൂടി ഉൾപ്പെടുത്താൻ നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഉത്തരവ് കാണുക. (സ.ഉ. (സാധാ) 2710/2018 തസ്വഭവ. തീയതി. 23.10.2018)

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിയിൽ പെടുത്തി കെട്ടിടനിർമ്മാണം നടത്തുമ്പോൾ അതുചെയ്യുന്നതിനു അംഗീകാരമുള്ള ഏജൻസികൾ വല്ലതുമുണ്ടോ?

● ഉണ്ട്. സർക്കാർ കാലാകാലങ്ങളിൽ അംഗീകരിക്കുന്ന (അക്രഡിറ്റേഷൻ നൽകുന്ന) ഏജൻസികൾ ഉണ്ട്. അപ്രകാരം അക്രഡിറ്റേഷൻ നൽകുന്ന ഏജൻസികളുടെ ലിസ്റ്റിൽനിന്ന് അനുയോജ്യമായവരെ തെരഞ്ഞെടുത്ത് ഏൽപ്പിക്കാവുന്നതാണ്. ഈ വർഷം ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച താഴെ പറയുന്ന ഉത്തരവിൽ ചില ഏജൻസികളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. (സ.ഉ.(പി) 77/2019 ഫിൻ 4.7.2019 കാണുക)

ചോദ്യങ്ങൾക്ക് മറുപടി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

? വിധവാപെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും മസ്റ്ററിംഗ് നടത്തണമെന്നു നിർബന്ധമാണോ?

● നിർബന്ധമാണ്. സാമൂഹ്യസുരക്ഷാപെൻഷൻ വാങ്ങുന്ന വിധവകളും അമ്പതുവയസ്സുകഴിഞ്ഞ അവിവാഹിതരും എല്ലാവർഷവും ഡിസംബർ മാസത്തിൽ താൻ പുനർവിവാഹം ചെയ്തിട്ടില്ല/വിവാഹം ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രവും നൽകേണ്ടതാണ്. (സ.ഉ. (എം.എസ്) 88/2019/ധന.15/2/2019)

കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന നൽകുന്ന സാമൂഹ്യസുരക്ഷാപെൻഷനുകളായ വാർദ്ധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വിധവാപെൻഷൻ, വികലാംഗപെൻഷൻ, 50 വയസ്സിൽ കൂടുതൽ പ്രായമുള്ള അവിവാഹിതകളുടെ പെൻഷൻ എന്നിവ വാങ്ങുന്നവരും ജീവിച്ചിരിപ്പുണ്ട് എന്നു സാക്ഷ്യപ്പെടുത്തുന്നതിനു മസ്റ്ററിംഗ് നടത്തേണ്ടതാണ്. ഏതെങ്കിലും അക്ഷയ കേന്ദ്രത്തിലാണ് വിരലടയാളം വഴിയോ, കണ്ണ് ഉപയോഗിച്ചോ മസ്റ്ററിംഗ് നടത്തേണ്ടത്. അതിനുള്ള സൗകര്യം അക്ഷയകേന്ദ്രങ്ങൾ ചെയ്തു തരും. ഗുണഭോക്താക്കൾ ഇതിനു ഫീസ് നൽകേണ്ടതില്ല.

? ലാപ്ടോപ്പുകളുടെ വിലയിൽ മാറ്റം വരുത്തിയാതായി അറിഞ്ഞു. ശരിയാണോ?

● ശരിയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കു നൽകുന്ന ലാപ് ടോപ്പിന്റെ വില മാർഗ്ഗരേഖ പ്രകാരം 30,000/- രൂപയായിരുന്നു. അത് മിഡ്ലെവൽ സ്പെസിഫിക്കേഷനുള്ള ലാപ്ടോപ്പുകൾക്കു 38,902/- രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. (സ.ഉ. (സാധാ) 1400/2019.തസ്വഭവ.6.7.2019)

ബാലസൗഹൃദ ഗ്രാമപഞ്ചായത്തിനു നാഷ്ണൽ അവാർഡ് ലഭിച്ച തൃശ്ശൂർ ജില്ലയിലെ കോലഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായി, കിലയിൽ ഡിപ്ലോമ കോഴ്സിനു പഠിക്കുന്ന ജനപ്രതിനിധികൾ സംവദിക്കുന്നു.

കിഫ്ബി സഹായത്തോടെ സ്കൂൾ വികസനത്തിനു കിലയ്ക്കു ചുമതല

സംസ്ഥാനത്തെ 446 സ്കൂളുകളിൽ കിഫ്ബി സഹായത്തോടെ നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കിലയെ ചുമതലപ്പെടുത്തി. ഒരു കോടി രൂപ വീതമുള്ള നിർമ്മാണപ്രവർത്തനങ്ങളാണ് നടത്തുക. 500 മുതൽ 1000 വരെ കുട്ടികൾ പഠിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്കൂളുകളിലാണ് ഒരു കോടിയുടെ നിർമ്മാണം. ഇതേക്കുറിച്ച് ചർച്ച ചെയ്യുന്നതിനു മന്ത്രിമാരായ സി.രാവീന്ദ്രനാഥ്,എ.സി.മൊയ്തീൻ എന്നിവരുടെ നേതൃത്വത്തിൽ യോഗം ചേർന്നിരുന്നു.

ശുചിത്വവും മാലിന്യനിർമ്മാർജനവും

സ്വാതന്ത്ര്യത്തേക്കാൾ പ്രധാനം ശുചിത്വമാണ് എന്നു പ്രസ്താവിച്ച നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 155-ാം ജന്മവാർഷികമാണ് ഈ വർഷം. അതുകൊണ്ടു തന്നെ ശുചിത്വബോധത്തെക്കുറിച്ച് നമുക്കു ചിന്തിക്കാം. ആരോഗ്യമേഖലയിലും വിദ്യാഭ്യാസരംഗത്തും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഏറെ മുന്നിലാണെന്നാണ് നാം അഭിമാനിക്കുന്നത്. വ്യക്തിശുചിത്വത്തിന്റെ കാര്യത്തിലും നാം വളരെയേറെ ബോധവാന്മാരാണ്. എന്നാൽ പരിസരശുചിത്വത്തിനും പൊതുശുചിത്വത്തിനും നാം എത്ര മാത്രം പ്രാധാന്യം നൽകുന്നുണ്ടെന്ന് ആത്മപരിശോധന നടത്തുന്നതു നന്നായിരിക്കും. പകർച്ചവ്യാധികൾ ആവർത്തിച്ചു വരുന്നതും നിർമാർജനം ചെയ്ത പല രോഗങ്ങൾ തിരിച്ചുവരുന്നതും പുതിയ പകർച്ചവ്യാധികൾ ഉടലെടുക്കുന്നതും ജീവിതശൈലിരോഗങ്ങളും ജലജന്യരോഗങ്ങളും വ്യാപകമാകുന്നതും നമ്മെ ഭയപ്പെടുത്തുന്നു. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു? വിദ്യാഭ്യാസമേഖല അനുദിനം പുരോഗമിക്കുമ്പോഴും വികസനത്തിന്റെ പുതിയ പടവുകൾ താണ്ടുമ്പോഴും നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്ന വസ്തുതയാണിത്. കേവലം ആശുപത്രികളും ഡിസ്പെൻസറികളും സ്ഥാപിച്ചതുകൊണ്ടോ വൈദ്യശാസ്ത്രത്തിൽ മികവു തെളിയിച്ചതുകൊണ്ടോ പരിഹരിക്കാവുന്നതല്ല ഈ പ്രശ്നങ്ങൾ. ആരോഗ്യശീലങ്ങൾ, പരിസരശുചിത്വം, സുരക്ഷിത കുടവെള്ളവിതരണം, പൗരത്വബോധം, പൊതുശുചിത്വം എന്നിവയിലൂടെ മാത്രം പരിഹരിക്കപ്പെടേണ്ട വിഷയമാണിത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു വളരെ നന്നായി ഇടപെടുന്നതിനുള്ള മേഖലയാണിതെന്ന തിരിച്ചറിവാണ് വേണ്ടത്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഏകദേശം പത്തു ചുമതലകൾ ശുചിത്വവും മാലിന്യനിർമ്മാർജനവും ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. പൗരബോധമുള്ള ഒരു ജനതയെ വാർത്തെടുക്കുക എന്നതിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള പങ്കു വലുതാണ്. പൗരന്മാർ ജീവിക്കുന്ന ചുറ്റുപാടുകളും അന്തരീക്ഷവും മാലിന്യവിമുക്തമായിരിക്കുന്ന അവസ്ഥയാണ് ശുചിത്വബോധത്തിന്റെ ആണിക്കല്ല്. വ്യക്തിശുചിത്വത്തോടൊപ്പം സകലവിധ മാലിന്യങ്ങളുടേയും സുരക്ഷിതമായ പരിപാലനം ആവശ്യമാണ്. വ്യക്തത്വശുചിത്വം, ഗൃഹശുചിത്വം, പരിസരശുചിത്വം, സ്ഥാപനശുചിത്വം, പൊതുശുചിത്വം, സാമൂഹ്യശുചിത്വം എന്നിങ്ങനെ പോകുന്നു ആ ശുചിത്വബോധത്തിന്റെ ശൃംഖല.

വൃത്തികെട്ട പാദങ്ങളുമായി ആരും എന്റെ മനസ്സിലേക്കു കടന്നുവരാൻ ഞാൻ അനുവദിക്കില്ല എന്നാണ് ഗാന്ധിജി പറഞ്ഞിട്ടുള്ളത്. ആ ശുചിത്വബോധം ഓരോ പൗരനും കാത്തുസൂക്ഷിക്കണം.

മേൽ പറഞ്ഞ രീതിയിലുള്ള ശുചിത്വബോധം കാത്തുസൂക്ഷിക്കാത്തതിന്റെ കാരണത്തലാണ് സമൂഹത്തിൽ രോഗാതുരത വർദ്ധിക്കാനും വ്യാപകമായ പകർച്ചവ്യാധികൾ പൊട്ടിപുറപ്പെടാനും കാരണമെന്നു തെളിയിക്കപ്പെട്ടു കഴിഞ്ഞു. വായുവും വെള്ളവും അന്തരീക്ഷവും മാലിന്യമാകുന്നതിനാൽ ജീവിതം ദുസ്സഹമായി തീരുന്നു. മാലിന്യം വിപത്തല്ല വിഭവമാണെന്ന തിരിച്ചറിവ് ജനങ്ങളിൽ ഉണ്ടാക്കിയെടുക്കുകയാണ് ആദ്യം വേണ്ടത്. ജലത്തിനേയും മണ്ണിനേയും പ്രകൃതിയേയും വായുവിനേയും മലിനമാക്കുന്ന വസ്തുക്കളെ പുനരുപയോഗിക്കാൻ കഴിയുന്ന വസ്തുക്കളാക്കുകയോ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികളിലേക്കു കടക്കുകയോ ആണ് ചെയ്യേണ്ടത്.

മാലിന്യത്തിന്റെ ഉറവിടങ്ങൾ വീടുകൾ മുതൽ പൊതുസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, കമ്മ്യൂണിറ്റിസ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ എന്നിവിടങ്ങളിലാണ്. മാലിന്യത്തിന്റെ അവസ്ഥ അനുസരിച്ച് അവ തരം തിരിവ് നടത്തേണ്ടതാണ്. ഖരം, ദ്രാവകം, വാതകം എന്നിങ്ങനെ ആദ്യം തരംതിരിക്കാം. ജൈവമാലിന്യം, അജൈവമാലിന്യങ്ങൾ, അപകടകാരികളായ മാലിന്യങ്ങൾ എന്നീ രീതിയിൽ വീണ്ടും തരംതിരിക്കാം. ഇതിൽ ഉറവിടത്തിൽ തന്നെ സംസ്കരിക്കാവുന്നതും ശാസ്ത്രീയമായി സംസ്കരിക്കാവുന്നതും പുനരുപയോഗിക്കാവുന്നതുമെന്ന രീതിയിൽ വീണ്ടും തരംതിരിക്കാം.

ജൈവമാലിന്യങ്ങൾ പരിപാലിക്കുന്നതിനു വിവിധ മാർഗ്ഗങ്ങളുണ്ട്. കമ്പോസ്റ്റിങ്ങ്, ബയോഗ്യാസ്, മുതലായവ അതിൽ ചിലതു മാത്രമാണ്. അജൈവമാലിന്യങ്ങൾ പരിപാലിക്കുന്നതിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും അവർ വഴി ചുമതലപ്പെടുത്തുന്ന ഏജൻസികൾ വഴിയും പരിപാലനമാർഗ്ഗങ്ങൾ തേടാവുന്നതാണ്. മാരകമായ മാലിന്യങ്ങൾ പരിഹരിക്കുന്നതിനു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി സർക്കാരിന്റെ വിവിധ ഏജൻസികളെ ഉപയോഗപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരമുള്ള വിവിധ സമ്പ്രദായങ്ങളിലൂടെയും ബോധവൽക്കരണത്തിലൂടേയും മാലിന്യ പരിപാലനത്തിനു താഴെ പറയുന്ന മാർഗ്ഗങ്ങൾ അവലംബിക്കാം. സംസ്ഥാന സർക്കാർ തുടങ്ങിവച്ച ഹരിതകേരളം മിഷൻ ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്.

- മാലിന്യത്തിന്റെ അളവുകുറയ്ക്കൽ,പുനരുപയോഗം, തകരാർ പരിഹരിച്ച് ഉപയോഗിക്കൽ (ഇലക്ട്രിക്കൽ സാധനങ്ങൾ), പുന:ചംക്രമണം.
- പദാർത്ഥത്തിന്റെ പകരം സാധനങ്ങൾ കണ്ടെത്തി ഉപയോഗിക്കൽ (ഉദാ.പ്ലാസ്റ്റിക്കിനു പകരം തുണി, പേപ്പർ എന്നിവ ഉപയോഗിക്കൽ)
- ഊർജം തിരിച്ചെടുത്ത് ഉപയോഗിക്കൽ (ബയോഗ്യാസ്, കമ്പോസ്റ്റ് മുതലായവ)
- നിരസിക്കൽ, പുനർവിചിന്തനം ശുചിത്വപരിപാലനത്തിനു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പല ഔദ്യോഗിക സംവിധാനങ്ങളേയും ഉപയോഗപ്പെടുത്താവുന്നതാണ്.
- സ്വച്ച് ഭാരത് അഭിയാൻ/ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പോല്ലൂഷൻ കൺട്രോൾ ബോർഡ്, ആരോഗ്യവകുപ്പ്, ആരോഗ്യശുചിത്വപോഷണ സമിതി, ആശാവർക്കർ മുതലായവ.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അനിവാര്യചുമതലകളിലും മേഖലാചുമതലകളിലും നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പാക്കാനുള്ള ആർജവം കാണിക്കാൻ എല്ലാവരും തയ്യാറാകണം. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219 സെക്ഷനിൽ പറയുന്ന കാര്യങ്ങൾ നടപ്പാക്കാൻ ഭരണസമിതി മുൻകൈ എടുക്കണം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു വിട്ടുകിട്ടിയ ഘടകസ്ഥാപനങ്ങളെ കൂടി പങ്കാളികളാക്കി പൗരന്മാരുടേയും നാടിന്റെയും മൊത്തത്തിലുള്ള ആരോഗ്യസംരക്ഷണ കാര്യത്തിൽ ഇടപെട്ടു ശുചിത്വബോധവും ആരോഗ്യസംരക്ഷണവും ഉറപ്പു വരുത്താം.

അതോടൊപ്പം വ്യക്തിജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പൗരന്മാരുടെയിടയിലും ബോധവൽക്കരണം നടത്തണം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക, ജൈവമാലിന്യങ്ങൾ വീട്ടിൽതന്നെ സംസ്കരിക്കുക, അജൈവമാലിന്യങ്ങൾ തരം തിരിച്ച് യഥാസ്ഥാനങ്ങളിൽ ഏൽപ്പിക്കുക. വീട്ടിലെ മാലിന്യം റോഡിലോ പൊതുസ്ഥലങ്ങളിലോ നിക്ഷേപിക്കാതിരിക്കുക, ഉപയോഗശീലങ്ങൾ മാറ്റുകയും മാലിന്യ ഉപയോഗം കുറയ്ക്കുകയും ചെയ്യുക. മലിനജലം റോഡിലേക്കും പൊതു ജലാശയങ്ങളിലേക്കും ഒഴുക്കാതിരിക്കുക, മാലിനീകരണത്തിനെതിരെ പ്രതികരിക്കുക. ഇങ്ങനെ വ്യക്തികളും സമൂഹവും തദ്ദേശസ്ഥാപനങ്ങളും ഒത്തുചേർന്നു പ്രവർത്തിച്ചാൽ ശുചിത്വമാർന്ന ഒരു സമൂഹത്തെ വാർത്തെടുക്കാൻ കഴിയും. ഒപ്പം ആരോഗ്യമാർന്ന ഒരു ജനതയേയും. എവരിവൺ മസ്റ്റ് ബി ഹിസ് ഓൺ സ്കാവൻജർ എന്നു മഹാത്മാഗാന്ധി പറയുമ്പോൾ അത് അർത്ഥപൂർണ്ണമാക്കാൻ നമുക്കു ശ്രമിക്കാം.

വി.ജി.എസ്

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ
സ്ഥിതിവിവരകണക്കെടുക്കുന്നതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ദ്വിദിനശില്പശാല

തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ: സ്ഥിതിവിവരകണക്കെടുക്കാൻ നടപടി തുടങ്ങി

വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ സ്ഥിതിവിവരകണക്കെടുക്കാൻ നടപടി തുടങ്ങി. 2016-17 സാമ്പത്തികവർഷം മുതൽ 2019-20 വരെയുള്ള പ്രവർത്തനങ്ങളുടെ വിവരങ്ങളാണ് ശേഖരിക്കുന്നത്. സാമ്പത്തികസ്ഥിതിവിവരകണക്കു വകുപ്പിനാണ് ഇതിന്റെ ചുമതല. ഇതുമായി ബന്ധപ്പെട്ട ചോദ്യാവലിക്കു അന്തിമരൂപം നൽകാൻ കിലയിൽ സംസ്ഥാനതല ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. പ്ലാനിംഗ് ബോർഡ് അംഗം ഡോ. കെ.എൻ. ഹരിലാൽ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ആർ. സുഭാഷ് അദ്ധ്യക്ഷനായിരുന്നു.

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്(എസ്.ആർ.ജി) കൺവീനർ വി.എസ്. ബിജു സ്വാഗതം പറഞ്ഞു. സാമ്പത്തികസ്ഥിതിവിവരകണക്കു വകുപ്പ് ഡയറക്ടർ ജനറൽ വി. രാമചന്ദ്രൻ, സംസ്ഥാന ആസൂത്രണബോർഡിലെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ ചീഫ് ഇൻ ചാർജ് എസ്.ആർ. സനൽകുമാർ, തദ്ദേശസ്വയംഭരണവകുപ്പുമന്ത്രിയുടെ അഡീഷ്ണൽ പ്രൈവറ്റ് സെക്രട്ടറി ജോസ് മാത്യു, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രതിനിധി നാസറുദ്ദീൻ, എന്നിവർ സംസാരിച്ചു. എസ്.ആർ.ജി മെമ്പർ ജി.കെ.സദനരാജൻ ശില്പശാലയുടെ വിശദാംശങ്ങൾ വിവരിച്ചു.

കൃഷി, ജലസേചനം, മണ്ണുസംരക്ഷണം, പരിസ്ഥിതി, ജൈവവൈവിധ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, ചെറുകിട സംരംഭങ്ങൾ, കുടുംബശ്രീ, ഭവനനിർമ്മാണം, സാമൂഹ്യനീതി, വനിതാശിശുവികസനം, സദ്ഭരണം, വിദ്യാഭ്യാസം, സംസ്കാരം, കായികം, അടിസ്ഥാനസൗകര്യവികസനം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, സഹകരണം എന്നീ മേഖലകളെ അടിസ്ഥാനപ്പെടുത്തി ഗ്രൂപ്പുചർച്ചകൾക്കും അതിന്റെ ക്രോഡീകരണത്തിനും ശേഷമാണ് ചോദ്യാവലിക്കു അന്തിമ രൂപം നൽകിയത്. വിഷയമേഖലയുമായി ബന്ധപ്പെട്ട വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥരും വിഷയമേഖലയിലെ വിദഗ്ദ്ധരുമടക്കം 120 പേർ ശില്പശാലയിൽ പങ്കെടുത്തു.

ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ കില അസോസിയേററ് പ്രൊഫ. ഡോ.ജെ.ബി.രാജൻ ആമുഖപ്രഭാഷണം നടത്തുന്നു

കാലാവസ്ഥാവ്യതിയാനം: നെടുമ്പന ഗ്രാമപഞ്ചായത്തിൽ ശില്പശാല

കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിൽ ഇടം-അതിജീവനം മിഷൻ 2030 എന്ന പദ്ധതിയുടെ ഭാഗമായി കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച് അവസ്ഥാവിശകലന റിപ്പോർട്ട് തയ്യാറാക്കി കർമ്മപരിപാടികൾ ആവിഷ്ക്കരിച്ച് പ്രവർത്തനങ്ങൾ തുടങ്ങി. കിലയുടെ അക്കാദമിക പിന്തുണയോടെയുള്ള ഈ പരിപാടിയുമായി ബന്ധപ്പെട്ട് ആഗസ്ററ് 22 നു സംഘടിപ്പിച്ച ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ. നസറുദ്ദീൻ അദ്ധ്യക്ഷത വഹിച്ചു. കില അസോസിയേററ് പ്രൊഫ. ഡോ.ജെ. ബി.രാജൻ ആമുഖപ്രഭാഷണം നടത്തി. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഹാരിസ് മുഹമ്മദ് കോയ, ജറിൻ, ബിനുരാജ് എന്നിവർ സംസാരിച്ചു.

KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**